(ഇ) കേരളത്തിനുവേണ്ടി മാത്രം ഒരു താങ്ങുവില നിശ്ചയിക്കണമെന്ന് മുൻ കാലങ്ങളിൽ കേന്ദ്ര കാർഷിക വിലനിർണ്ണയ കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടപ്പോൾ സംസ്ഥാനത്തിനു വേണ്ടി മാത്രം വർദ്ധിച്ച താങ്ങുവില പ്രഖ്യാപിക്കാനാവില്ല എന്ന നിലപാടാണ് കമ്മീഷൻ സ്വീകരിച്ചത്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ സംവിധാനം

*24 [82] ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീമതി പി. കെ. ശ്രീമതിടീച്ചർ:
ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വാങ്ങുന്ന സാധനങ്ങളുടെ ഗുണ നിലവാരം പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ:

(ബി) ഇപ്പോഴുള്ള സംവിധാനം ഫലപ്രദമാണെന്നു കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഫലപ്രദമാക്കാൻ എന്തെല്ലാം നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ:

(സി) പോലീസിന്റെ വിജിലൻസ് വിഭാഗത്തെകൂടി ഉൾപ്പെടുത്തുന്ന പരിശോധനാ സംവിധാന സമ്പ്രദായം ഏർപ്പെടുത്തുമെന്ന് മുൻമന്ത്രി നിയമസഭയ്ക്ക് നൽകിയ ഉറപ്പിന്മേൽ എന്തുനടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്):

(എ) ഗുണനിലവാര പരിശോധന കൂടുതൽ ഫലപ്രദമാക്കാൻ അടുത്ത കാലത്ത് രണ്ടു പുതിയ കമ്മിറ്റികൾ ഡിപ്പോ തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ, താലൂക്ക് ഡിപ്പോകളിലെ അസിസ്റ്റന്റ് മാനേജർ, ജൂനിയർ മാനേജർ (മാർക്കറ്റിംഗ്), ജൂനിയർ മാനേജർ (ക്വാളിറ്റി കൺട്രോളർ) എന്നിവരടങ്ങിയ മൂന്നംഗ കമ്മിറ്റി സാധനങ്ങൾ പരിശോധിക്കുകയും വിൽപ്പന യോഗ്യതയുള്ളവ സ്വീകരിക്കുകയും അല്ലാത്തവ നിരസിക്കുകയും ചെയ്യുന്നു. കൂടാതെ മാവേലി, ലാഭം ഷോപ്പ് മാനേജർമാർ ഉൾപ്പെടുന്ന ഒരു അഞ്ചംഗ കമ്മിറ്റിയും ഡിപ്പോതലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇത് ഫലവത്താക്കാനായി 21-12-2004-ൽ ഒരു സർക്കുലർ കോർപ്പറേഷന്റെ എല്ലാ ഉദ്യോഗസ്ഥൻമാർക്കും ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ അയച്ചുകൊടുത്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) കോർപ്പറേഷനിൽ ഒരു പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഒരു വിജിലൻസ് സംവിധാനം പ്രവർത്തിക്കുന്നു. ഈ വിജിലൻസ് വിഭാഗം ഓരോ മാസവും ഡിപ്പോകൾ സന്ദർശിക്കുകയും സാധനങ്ങളുടെ സാമ്പിൾ എടുത്ത് കോർപ്പറേഷൻ ഹെഡാഫീസിലോ, റീജിയണൽ അനലിറ്റിക്കൽ ലാബിലോ നൽകി പരിശോധന നടത്തി, റിപ്പോർട്ട് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർക്ക് നൽകിവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly